# Financial Awareness Messages (FAME)

## FIDD, Central Office



*ബാദ്ധ്യതാനിരാകരണം*

വായനക്കാരന് ധനപരമായ കാര്യങ്ങളിൽ സാക്ഷരത നേടുവാൻ സഹായിക്കുന്ന ആത്മാർഥമായ ഉദ്ദേശ്യത്തോടെ അവതരിപ്പിക്കുന്ന വായനയ്ക്കും അദ്ധ്യയനത്തിനും വേണ്ടിയുള്ള ഒരു പുസ്തകമാണിത്. ഏതു വായനക്കാരനെ ഏതെങ്കിലും ഒരു പ്രത്യേക ധനകാര്യ ഉത്പന്നത്തെയോ സേവനത്തെയോ സംബന്ധിച്ച തീരുമാനം എടുക്കുന്നതിൽ സ്വാധീനിക്കുന്നതിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതല്ല

**Copyright**
Reproduction is permitted provided the source is acknowledged.

രണ്ടാം പതിപ്പ്- നവമ്പർ 2016
റിസർവ് ബാങ്ക് പ്രസിദ്ധീകരണം

भारतीय रिजर्व बैंक
**Reserve Bank of India**
**India's Central Bank**

**Financial Inclusion & Development Department**
10th Floor, Shahid Bhagat Singh Marg
Fort, Mumbai – 400 001

## ഉള്ളടക്കം


| | Page No. |
|---|---|
| **സന്ദേശം 1** ബാങ്ക് അക്കൗണ്ട് തുറക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ | 2 |
| **സന്ദേശം 2** ബഡ്ജറ്റിങ്ങിന്റെയും സമ്പാദ്യത്തിന്റെയും പ്രാധാന്യവും ഉത്തരവാദിത്തത്തോടെയുള്ള കടംവാങ്ങലും | 3 |
| **സന്ദേശം 3** നിങ്ങളുടെ ബാങ്ക് നിക്ഷേപത്തെക്കുറിച്ചും നിക്ഷേപ അക്കൗണ്ടുകളെക്കുറിച്ചും കൂടുതൽ അറിയുക | 4 |
| **സന്ദേശം 4** ലോണുകൾ കൃത്യതയോടെ അടച്ചു നല്ല 'ക്രെഡിറ്റ് സ്കോർ' നിലനിർത്തുക | 5 |
| **സന്ദേശം 5** ഡിമാൻഡ് ഡ്രാഫ്റ്റുകളോടും ചെക്കുകളോടും വിട പറയുക; പകരം, ഇലക്ട്രോണിക് രീതി ഉപയോഗിച്ചു പണം കൈമാറ്റം ചെയ്യുകയും സ്വീകരിയ്ക്കുകയും ചെയ്യുക | 6 |
| **സന്ദേശം 6** ബാംങ്കിംഗ് നിങ്ങളുടെ വീട്ടു പടിക്കൽ, അല്ലെങ്കിൽ പരിസരത്ത് | 7 |
| **സന്ദേശം 7** നിങ്ങളുടെ പരാതികൾ ബാങ്കിലോ അല്ലെങ്കിൽ ബാംങ്കിംഗ് ഓംബുഡ്സ്മാന്റെ പക്കലോ സമർപ്പിക്കുന്നതെങ്ങനെ? | 8 |
| **സന്ദേശം 8** ഒന്നും സൗജന്യമല്ല; വഞ്ചിതരാകാതിരിക്കുക | 9 |
| **സന്ദേശം 9** പ്രയാസരഹിതമായി എടിഎം ഉപയോഗിയ്ക്കുന്നതിനറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ | 10 |
| **സന്ദേശം 10** നിങ്ങളുടെ പണം പ്രയാസപ്പെട്ടുണ്ടാക്കിയതാണ്; അതിനാൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ മാത്രം നിക്ഷേപിയ്ക്കുക | 11 |
| **സന്ദേശം 11** തെറ്റായ കച്ചവടം: പണം നിക്ഷേപിക്കാനായി ബാങ്കിലേക്ക് പോയ ആൾ മനസ്സിലാക്കാൻ പ്രയാസമുള്ള പദ്ധതിയുമായി തിരികെ വരികയോ? | 12 |




## സന്ദേശം 1

# ബാങ്ക് അക്കൗണ്ട് തുറക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ

- തിരിച്ചറിയലിനും മേൽവിലാസം തെളിയിക്കുന്നതിനുമായിട്ടുള്ള ഏതെങ്കിലും രേഖയും സമീപ കാലത്തെടുത്ത ഒരു ഫോട്ടോയും മാത്രം മതി ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുവാൻ.




- വ്യക്തിയെ തിരിച്ചറിയുന്നതിനും മേൽവിലാസം സംബന്ധിച്ച തെളിവിനുമായി ആധാർ കാർഡ് , ഡ്രൈവിംഗ് ലൈസൻസ്, തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ദേശീയ ഗ്രാമീണ തൊഴിൽ സുരക്ഷാ കാർഡ് എന്നിവയിൽ ഏതെങ്കിലുമൊന്ന് മതിയാകുന്നതാണ്. ആദായ നികുതി വകുപ്പ് നൽകുന്ന പാൻ കാർഡ് തിരിച്ചറിയൽ രേഖ ആയി മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ. അതുകൊണ്ടു, പാൻ കാർഡ് ആണ് നൽകുന്നതെങ്കിൽ അതിനോടൊപ്പം മേൽവിലാസം തെളിയിക്കുന്നതിനുള്ള മറ്റൊരു രേഖ കൂടി നൽകേണ്ടതാണ്.

- നിങ്ങളുടെ ഇപ്പോഴത്തെ മേൽവിലാസം നിങ്ങൾ നൽകുന്ന രേഖകളിൽ നിന്ന് വ്യത്യസ്ഥമാണെങ്കിൽ ഇത് സംബന്ധമായ ഒരു സത്യവാങ്മൂലം / പ്രസ്താവന നൽകാവുന്നതാണ്.

- തിരിച്ചറിയൽ രേഖകളോ മേൽവിലാസം സംബന്ധിയ്ക്കുന്ന തെളിവുകളോ ഇല്ലെങ്കിൽ കൂടിയും ചെറുതുകയ്ക്കുള്ള സേവിങ്സ് ബാങ്ക് അക്കൗണ്ട് തുറക്കാൻ കഴിയും; ഇതിനായി ബാങ്ക് മുമ്പാകെ ഉപഭോക്താവിന്റെ ഒപ്പും സമീപകാലത്തെടുത്ത ഒരു ഫോട്ടോയും സമർപ്പിച്ചാൽ മതിയാകും. ഇത്തരത്തിലുള്ള അക്കൗണ്ടുകളിൽ ഏതെങ്കിലും ഒരു സമയത്തെ നീക്കിയിരിപ്പു അൻപതിനായിരം രൂപയിൽ കവിയുവാൻ പാടുള്ളതല്ല . മാത്രവുമല്ല ഇത്തരത്തിലുള്ള അക്കൗണ്ടിൽ നിന്ന്ഒരു മാസത്തിൽ പതിനായിരം രൂപയിൽ കൂടുതൽ പിൻവലിക്കാൻ സാധ്യമല്ല. ഇതിനും പുറമെ, ഈ ആക്കൗണ്ടിലൂടെ ഒരു ധനകാര്യ വർഷത്തിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ ഇടപാട് നടത്തുവാനും അനുവദിയ്ക്കുന്നതല്ല.









## സന്ദേശം 2

# ബഡ്ജറ്റിങ്ങിന്റെയും സമ്പാദ്യത്തിന്റെയും പ്രാധാന്യവും ഉത്തരവാദിത്തത്തോടെയുള്ള കടംവാങ്ങലും




- **ബഡ്ജറ്റിങ്ങും സമ്പാദ്യവും:** ചെലവുചെയ്യുന്നതിനും സമ്പാദ്യത്തിനും ഉള്ള ഒരു മാർഗ രേഖയായി ഉപയോഗിയ്ക്കാവുന്ന തരത്തിൽ നിങ്ങളുടെ ഭാവി വരുമാനത്തെയും ചെലവുകളെയും സംബന്ധിയ്ക്കുന്ന ഒരു പദ്ധതിയാണ് ബജറ്റ്. ഇത്തരത്തിൽ വരുമാനത്തെയും ചെലവുകളെയും സംബന്ധിയ്ക്കുന്ന ഒരു ബജറ്റ് ഉണ്ടാക്കുന്നതും അതിനനുസരിച്ചു ചെലവ് ചെയ്യുന്നതും ഓരോ കുടുംബത്തിനും നല്ലതാണ്. മാസ ബഡ്ജറ്റുകൾ ഉണ്ടാക്കുന്നതും തനതു മാസത്തെ ചെലവുകൾ പ്രസ്തുത ബഡ്ജറ്റിൽ നിന്ന് ഒരു തരത്തിലും മാറ്റമില്ലാത്ത തരത്തിൽ നിർത്തുന്നതുമാണ് ഏറ്റവും അഭികാമ്യം. വരുമാനം ചെലവിനെക്കാളും കൂടിയിരിക്കുമ്പോൾ ഇവ തമ്മിലുള്ള വ്യത്യാസത്തെ മിച്ചം എന്ന് പറയാം. അപകടങ്ങൾ, പ്രകൃതി ക്ഷോഭങ്ങൾ, തൊഴിൽ നഷ്ടപ്പെടൽ എന്നിങ്ങനെ മുൻകൂട്ടി കാണാൻ കഴിയാത്ത അവസരങ്ങളിൽ ഉപയോഗിയ്ക്കുന്നതിനോ, വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം , യാത്രകൾ, സ്വന്തമായി വീട്, വാഹനം എന്നിവയ്ക്കായി വിനിയോഗിയ്ക്കുന്നതിനോ വേണ്ടി ഇത്തരത്തിലുള്ള മിച്ചം ഫലപ്രദമായി സമ്പാദിയ്ക്കപ്പെടുകയോ അല്ലെങ്കിൽ നിക്ഷേപിക്കപ്പെടുകയോ ചെയ്യേണ്ടതുണ്ട്. ഇത്തരത്തിൽ നിങ്ങൾ നടത്തുന്ന സമ്പാദ്യം/നിക്ഷേപം നിങ്ങൾക്കു തൊഴിൽ ചെയ്യാനുള്ള ശേഷി നഷ്ടപ്പെടുന്ന അവസരങ്ങളിലും, വിശിഷ്യാ ജോലിയിൽ നിന്ന് പെൻഷൻ പറ്റിയതിനു ശേഷമുള്ള കാലയളവിലും വലിയ തുണയായിട്ട് മാറും എന്നതിൽ സംശയമില്ല.

- **സമ്പാദ്യത്തിന്റെ പ്രാധാന്യം:** ചെലവാക്കുന്നതിനു മുൻപ് തന്നെ വരുമാനത്തിന്റെ ഒരു ഭാഗം നമ്മൾ ഓരോരുത്തരും സമ്പാദ്യത്തിനായി മാറ്റി വെയ്ക്കേണ്ടതുണ്ട്. ഒന്നാമതായി, നിങ്ങളുടെ സമ്പാദ്യം സുരക്ഷിതമായ സ്ഥാപനങ്ങളിലും യോജിച്ച രീതിയിലുമായിരിക്കണം നിക്ഷേപിക്കേണ്ടത്. നഷ്ടസാധ്യത ഉള്ളതും നിയന്ത്രണമില്ലാത്തതുമായ സ്ഥാപനങ്ങളിലോ മാർഗ്ഗങ്ങളിലോ ആണ് നിക്ഷേപം നടത്തുന്നതെങ്കിൽ ചിലപ്പോൾ നിങ്ങളുടെ പണം തന്നെ നഷ്ടപ്പെട്ടേക്കാം. അതുകൊണ്ട്, നിങ്ങളുടെ നിക്ഷേപം പൂർണമായും സുരക്ഷിതമായ സ്ഥാപനങ്ങളിലും സുരക്ഷിതമായ മാർഗ്ഗങ്ങളിലും മാത്രമായിരിക്കണം. രണ്ടാമതായി, ഭാവിയിലെ ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളതും അല്ലാത്തതും ആയ ചെലവുകൾ നേരിടുന്നതിനു വേണ്ടിയാണ് സമ്പാദ്യം. അതുകൊണ്ടുതന്നെ, നിങ്ങൾക്ക് ആവശ്യം വരുമ്പോൾ പിൻവലിക്കാവുന്ന മാർഗ്ഗങ്ങളിലും, സ്ഥാപനങ്ങളിലും ആയിരിക്കണം നിക്ഷേപം നടത്തേണ്ടത്. മൂന്നാമതായി, പണപ്പെരുപ്പം മൂലം മൂല്യം നഷ്ടപ്പെടാത്ത തരത്തിൽ നിങ്ങളുടെ പണത്തിന് പലിശയുടെ രൂപത്തിൽ പ്രതിഫലം കിട്ടേണ്ടതായും ഉണ്ട്.



- **കടം വാങ്ങൽ :** കടം വാങ്ങുന്നത് നിത്യ ചെലവുകൾക്കു വേണ്ടിയാകരുത്. നേരെ മറിച്ച്, മൂല്യം സൃഷ്ടിയ്ക്കുന്ന തരത്തിലുള്ള ആസ്തികളിൽ ആയിരിയ്ക്കണം നിങ്ങളുടെ നിക്ഷേപം. വീട് വാങ്ങുന്നതിനോ നിർമ്മിയ്ക്കുന്നതിനോ ഉള്ള ലോൺ, കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായുള്ള വിദ്യാഭ്യാസ ലോൺ തുടങ്ങിയവ ഉപകാരപ്രദവും ഉത്പാദന പരവും ആയ നല്ല കടങ്ങൾക്കു ഉദാഹരണങ്ങളാണ്.

- **ബാങ്കോ അതോ പലിശയ്ക്ക് പണം കടംകൊടുക്കുന്നവരോ? :** ബാങ്കുകളുടെ മേൽ റിസർവ് ബാങ്കിന്റെ നിയന്ത്രണം ഉണ്ടെന്നിരിക്കെ പണമിടപാടിന് ബാങ്കുകൾ പലിശയ്ക്ക് പണം കൊടുക്കുന്നവരെക്കാളും തികച്ചും മെച്ചമാണ്. ബാങ്കുകളുടെ ഇടപാടുകൾ സുതാര്യമാണെന്നു മാത്രമല്ല, അവയ്ക്ക് പലിശയ്ക്ക് കൊടുക്കുന്നവരെപോലെ അമിതമായ പലിശ ഈടാക്കാൻ കഴിയില്ല. അഥവാ ഏതെങ്കിലും ബാംങ്കിംഗ് സ്ഥാപനം വിരുദ്ധമായി പ്രവ ർത്തിച്ചാൽ, ശക്തമായ പരാതി പരിഹാര സംവിധാനങ്ങളാണ് നിലവിലുള്ളത്.



## സന്ദേശം 3

## നിങ്ങളുടെ ബാങ്ക് നിക്ഷേപത്തെക്കുറിച്ചും നിക്ഷേപ അക്കൗണ്ടുകളെക്കുറിച്ചും കൂടുതൽ അറിയുക



- നിങ്ങളുടെ സമ്പാദ്യം സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ തന്നെ ദീർഘകാലം സൂക്ഷിയ്ക്കരുത്. സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ കുറഞ്ഞ പലിശ മാത്രമാണ് നൽകുന്നത്. പണം ഒരുമിച്ചു ലഭിക്കുന്ന അവസരങ്ങളിൽ സ്ഥിര നിക്ഷേപത്തിൽ ഇടുകയായിരിക്കും ഉത്തമം; ക്രമമായും സ്ഥിരാടിസ്ഥാനത്തിലും സമ്പാദിയ്ക്കുന്നതിലാണ് നിങ്ങൾക്ക് താല്പര്യമെങ്കിൽ ആവർത്തന നിക്ഷേപം ആരംഭിയ്ക്കുകയായിരിയ്ക്കും നല്ലത്.

- നിങ്ങൾക്ക് വിശ്വസ്തനായ ഒരാളിനെ നിങ്ങളുടെ ബാങ്ക് അക്കൗണ്ടുകൾക്കും ബാങ്കിൽ നിങ്ങൾ സൂക്ഷിയ്ക്കുന്ന വസ്തുക്കൾക്കും വേണ്ടി നാമനിർദേശം ചെയ്യാവുന്നതാണ്. നിങ്ങളുടെ ഏറ്റവും അടുത്ത ആളുകളുടെ നന്മയ്ക്കു കൂടിയാണ് ഇങ്ങനെ ചെയ്യുന്നത്. ബാങ്കിൽ ഒരു അക്കൗണ്ട് തുടങ്ങുമ്പോൾ തന്നെ നാമനിർദ്ദേശത്തിനുള്ള പത്രികയും ഒപ്പിട്ടു നൽകുക. ഇപ്രകാരം നാമനിർദേശം ചെയ്യപ്പെട്ട ഒരാളുണ്ടെങ്കിൽ നിങ്ങളുടെ കാലശേഷം അവകാശങ്ങൾ തീർപ്പാക്കുന്നതിനു അത് സഹായകമായിരിക്കും. ഒന്നിൽ കൂടുതൽ പേർ ചേർന്ന് ഒരു അക്കൗണ്ട് തുടങ്ങുമ്പോൾ 'രണ്ടു പേരിൽ ആരെങ്കിലും ഒരാൾ അല്ലെങ്കിൽ ജീവിച്ചിരിയ്ക്കുന്നയാൾ', 'ആദ്യം പേര് പറഞ്ഞിട്ടുള്ള ആൾ അല്ലെങ്കിൽ ജീവിച്ചിരിയ്ക്കുന്നയാൾ', 'സംയുക്ത അക്കൗണ്ട്' എന്നിവ ബാങ്കിന് നൽകുന്ന പ്രവർത്തന നിർദേശങ്ങളാണ്. ഇത്തരത്തിലുള്ള നിർദേശങ്ങൾ ശ്രദ്ധയോടെയും ആലോചിച്ചും ആയിരിയ്ക്കണം നൽകേണ്ടത്.

.




- നിങ്ങൾ നടത്തിയ സ്ഥിരനിക്ഷേപത്തിൽ നിന്ന് കാലാവധി പൂർത്തിയാകുന്നതിനു മുൻപ് പണം പിൻവലിക്കേണ്ട സാഹചര്യം വരാനുള്ള സാധ്യത ഉണ്ടെങ്കിൽ അക്കാര്യം നിക്ഷേപം നടത്തുന്ന വേളയിൽ ബാങ്കിനെ അറിയിക്കുക.


- പെൻഷൻ ആയവർക്ക് അവരുടെ നേരത്തെ ഉള്ള സേവിങ്സ് ബാങ്ക് അക്കൗണ്ട് തന്നെ പെൻഷൻ വാങ്ങുന്നതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. നിങ്ങളുടെ ജീവിത പങ്കാളിയുമായി സംയുക്ത അക്കൗണ്ട് തുടങ്ങുന്നതും അപ്പോൾ തന്നെ അക്കൗണ്ടിൽ 'രണ്ടു പേരിലൊരാളോ അല്ലെങ്കിൽ ജീവിച്ചിരിയ്ക്കുന്നയാളോ' എന്നോ 'ആദ്യ പേരുകാരൻ അല്ലെങ്കിൽ ജീവിച്ചരിയ്ക്കുന്നയാൾ' എന്നോ ഉള്ള പ്രയോഗ നിർദേശം ബാങ്കിന് നൽകുകയും ചെയ്യുന്നതുമാണ് അഭികാമ്യം. ആവശ്യമെങ്കിൽ നിങ്ങളുടെ പെൻഷൻ അക്കൗണ്ട് മറ്റൊരു ബ്രാഞ്ചിലേക്കോ അല്ലെങ്കിൽ മറ്റൊരു ബാങ്കിലേക്ക് തന്നെയോ മാറ്റുന്നതിന് നിങ്ങൾക്ക് അവകാശമുള്ളതായിരിക്കും.

- നിങ്ങൾ ജീവിച്ചിരിക്കുന്നു എന്ന് കാണിയ്ക്കുന്ന 'ലൈഫ് സർട്ടിഫിക്കറ്റ്' ബന്ധപ്പെട്ട ബാങ്കിന് എ ല്ലാ വർഷവും നവംബർ മാസത്തിൽ നൽകുവാൻ മറക്കരുത്. എന്നാൽ ഇപ്പോൾ ഭൗതിക ലൈഫ് സർട്ടിഫിക്കറ്റിനു പകരം, ആധാർ നമ്പറിനെ അടിസ്ഥാനപ്പെടുത്തിയുള്ള ബയോ-മെട്രിക് അധികാരപ്പെടുത്തലായ 'ജീവൻ പ്രമാൺ' സമർപ്പിക്കാവുന്നതാണ്. www.jeevanpramaan.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച ശേഷം നിങ്ങളുടെ ബാങ്കിലേക്ക് മൊബൈൽ ഫോൺ വഴി ലൈഫ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.



## സന്ദേശം 4

# ലോണുകൾ കൃത്യതയോടെ അടച്ചു നല്ല 'ക്രെഡിറ്റ് സ്കോർ'/ വായ്പാ നിലവാരം നില നിർത്തുക




- ആലോചിച്ചും ബുദ്ധിപൂർവവും വേണം വായ്പയെടുക്കേണ്ടത്.; വായ്പ നിങ്ങളുടെ തിരിച്ചടവുശേഷിയ്ക്കുള്ളിലാണെന്നു ഉറപ്പുവരുത്തുക.
- തിരിച്ചടവിനുള്ള ഗഡുക്കൾ കൃത്യസമയത്തു തന്നെ അടയ്ക്കുന്നുണ്ടെന്നു ഉറപ്പു വരുത്തുക.
- നിങ്ങൾക്കു വീണ്ടുമൊരു വായ്പ ആവശ്യമായി വരുന്ന പക്ഷം നിങ്ങളുടെ വായ്പാ നിലവാരവും (ക്രെഡിറ്റ് സ്കോറും) വായ്പാ ചരിത്രവും നോക്കിയതിനു ശേഷമായിരിക്കും ബാങ്ക് അതിന്മേൽ തീരുമാനമെടുക്കുക.
- ബാങ്കിൽ നിന്നെടുത്ത വായ്പ കൃത്യ സമയത് തിരിച്ചടക്കാതെ വന്നാൽ അത് നിങ്ങളുടെ വായ്പാ ചരിത്രത്തെയും 'ക്രെഡിറ്റ് സ്കോറി'നെയും മോശമായി ബാധിയ്ക്കുന്നതാണ്. നിങ്ങളെടുത്ത വായ്പയുടെ തിരിച്ചടവ് ഏതെങ്കിലും കാരണവശാൽ വൈകുന്ന പക്ഷം അത് നിങ്ങളുടെ ബാങ്കിനെ അറിയിക്കേണ്ടതാണ്
- കഴിയുന്നത്ര വേഗത്തിൽ വായ്പ അടച്ചു തീർക്കുക. ഇത് നിങ്ങൾക്ക് നല്ല ഒരു വായ്പാ ചരിത്രം സൃഷ്ടിയ്ക്കുന്നതിനും അതുവഴി വ്യക്തിപരമോ തൊഴിൽ പരമോ ആയ നിങ്ങളുടെ ആവശ്യത്തിലേക്കു വീണ്ടും വായ്പകൾ നേടുന്നതിന് സഹായകമാവുകയും ചെയ്യും.
- നിങ്ങളുടെ വായ്പാ ചരിത്രത്തിന്റെയും മറ്റു ബന്ധപ്പെട്ട വസ്തുതകളുടെയും അടിസ്ഥാനത്തിലാണ് വായ്പാ നിലവാരം (ക്രെഡിറ്റ് സ്കോർ) നിർണയിക്കപ്പെടുന്നത്. ഉയർന്ന വായ്പാ നിലവാരം നിങ്ങളുടെ വിശ്വാസ്യതയെയും ഉത്തരവാദിത്തത്തെയുമാണ് സൂചിപ്പിയ്ക്കുന്നത്.








## സന്ദേശം 5

## ഡിമാൻഡ് ഡ്രാഫ്റ്റിനോടും ചെക്കിനോടും വിടപറയുക ; ഇലക്ട്രോണിക് രീതി ഉപയോഗിച്ചു പണം കൈമാറ്റം ചെയ്യുകയും സ്വീകരിയ്ക്കുകയും ചെയ്യുക

- **NEFT** (ദേശീയ ഇലക്ട്രോണിക് ഫണ്ട് കൈമാറ്റം / National Electronic Fund Transfer): **നെഫ്ട് ഉപയോഗിച് ഏതാനും മണിക്കൂറുകൾ കൊണ്ട് രാജ്യത്തെവിടേയ്ക്കും പണം കൈമാറ്റം ചെയ്യാൻ കഴിയും** ഞായറാഴ്ച ഒഴിച്ചുള്ള എല്ലാ പ്രവൃത്തി ദിനത്തിലും രാവിലെ 8 മണി മുതൽ വൈകിട്ട് 7 മണിവരെയാണ് NEFT **ന്റെ പ്രവർത്തന സമയം**



- **RTGS (Real Time Gross Settlement)**: രണ്ടു ലക്ഷം രൂപയോ അതിൽ കൂടുതലോ അടിയന്തരമായി കൈമാറ്റം ചെയ്യണമെന്നുണ്ടെങ്കിൽ നിങ്ങൾക്ക് RTGS ഉപയോഗിയ്ക്കാം. ഞായറാഴ്ചയും പ്രവർത്തി ദിനമല്ലാത്ത ശനിയാഴ്ചയും ഒഴിച്ച് എല്ലാ ദിവസവും രാവിലെ 8 മണി മുതൽ വൈകിട്ട് 4 .30 മണി വരെ RTGS സേവനം ലഭ്യമാണ്.



- **IMPS (Immediate Payment Service)**/ ദ്രുത പണ വിതരണ സേവനം: അടിയന്തരമായി പണം കൈമാറ്റം ചെയ്യേണ്ടി വരുമ്പോൾ ദ്രുത പണ വിതരണ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഞായറാഴ്ചയും അവധിദിവസങ്ങളും ഉൾപ്പെടെ എല്ലാ ദിവസവും 24 മണിക്കൂറും ഈ സേവനം ലഭ്യമാണ്.
  മേല്പറഞ്ഞ മൂന്നു സേവനങ്ങളും (NEFT, RTGS, IMPS) നിങ്ങളുടെ ബാങ്ക് ശാഖയിലൂടെയോ, ഇന്റർനെറ്റ് ബാംങ്കിംഗ് / മൊബൈൽ ബാംങ്കിംഗ് എന്നിവയിലൂടെയോ പ്രയോജനപ്പെടുത്താവുന്നതാണ്.

- **UPI / Unified Payment Interface**: ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ. IFSC, ഡെബിറ്റ് കാർഡ് നമ്പർ തുടങ്ങിയ വിവരങ്ങളൊന്നും നൽകാതെ തന്നെ ഒരു വിർച്ചൽ പേയ്മെന്റ് അഡ്രസ് (virtual payment address / VPA) ഉപയോഗിച്ച് കൊണ്ട് അതിവേഗതയിൽ പണം കൈമാറ്റം ചെയ്യാൻ ഉപയോഗിയ്ക്കുന്ന ഒരു മാർഗമാണ് UPI / Unified Payment Interface. ബാങ്ക് അവധിദിവസങ്ങളും ഞായറാഴ്ചയും ഉൾപ്പെടെയുള്ള എല്ലാ ദിവസങ്ങളിലും 24 മണിക്കൂറും ഈ സേവനം ലഭ്യമാണ്. UPI ൽ പണം സ്വീകരിയ്ക്കാൻ സന്നദ്ധതയുള്ള വ്യാപാരികൾക്ക് പണം നൽകുന്നതിന് ഈ മാർഗം തികച്ചും ഉത്തമമാണ്. ഈ മാർഗം ഉപയോഗിയ്ക്കണമെങ്കിൽ നിങ്ങളുടെ സ്മാർട്ട് ഫോണിൽ UPI അപ്ലിക്കേഷൻ ലഭ്യമാക്കേണ്ടതാണ്.



## സന്ദേശം 6


## ബാംങ്കിംഗ് നിങ്ങളുടെ വീട്ടു പടിക്കൽ, അല്ലെങ്കിൽ പരിസരത്ത്

- നിങ്ങളുടെ ബാംങ്കിംഗ് ആവശ്യങ്ങൾക്കായി നിങ്ങൾ ബാങ്കിൽ പോകണമെന്നില്ല. നിങ്ങളുടെ ബാങ്കിന്റെ ഏജൻറ് ആയി നിയമിതനായിട്ടുള്ളയാളാണ് ബാങ്കിന്റെ ബിസിനസ് കറസ്പോണ്ടൻറ് അഥവാ ബി.സി. നിങ്ങളുടെ സമീപത്തുള്ള ബാങ്ക് ബ്രാഞ്ചുമായി ബന്ധപ്പെട്ടാൽ പ്രദേശത്തെ ബിസിനസ് കറസ്പോണ്ടന്റ് ആരാണെന്നറിയാൻ കഴിയും. അല്ലെങ്കിൽ, പ്രധാനമന്ത്രി ജൻ ധൻ യോജനയുടെ വെബ്സൈറ്റ് ആയ http://pmjdy.gov. In/g-i-s.aspxon സന്ദർശിച്ചാൽ മതിയാകും.

- സന്നദ്ധ സംഘടനകൾ, സ്വയം സഹായ സംഘങ്ങൾ, സാമൂഹിക സംഘടനകൾ, തപാലോഫീസുകൾ , പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മൈക്രോ-ഫിനാൻസ് സ്ഥാപനങ്ങൾ, നിക്ഷേപം സ്വീകരിയ്ക്കാത്ത ബാങ്കിങ്ങിതര ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കമ്പനികൾ, പേയ്മെന്റ് ബാങ്കുകൾ തുടങ്ങിയവയെയും ബാങ്കുകൾ തങ്ങളുടെ ബിസിനസ് ബി.സി. മാരായി നിയമിയ്ക്കാറുണ്ട്.

- ബിസിനസ് കറസ്പോണ്ടൻറ് നിങ്ങളെ നിങ്ങളുടെ ബാങ്കുമായി ഒരു മൊബൈൽ ഫോൺ വഴിയോ അല്ലെങ്കിൽ ലാപ്ടോപ് വഴിയോ ബന്ധപ്പെടുത്തുന്നു.

- എന്തെങ്കിലും സംശയം തോന്നുന്ന പക്ഷം ബിസിനസ് കറസ്പോണ്ടന്റിന്റെ പേരും മറ്റു വിവരങ്ങളും ബാങ്കുമായി ബന്ധപ്പെട്ടു ഉറപ്പു വരുത്തേണ്ടതാണ്.






## സന്ദേശം 7

# നിങ്ങളുടെ പരാതികൾ ബാങ്കിലോ അല്ലെങ്കിൽ ബാംങ്കിംഗ് ഓംബുഡ്സ്മാന്റെ പക്കലോ സമർപ്പിക്കുന്നതെങ്ങനെ

- ബാങ്ക് ബ്രാഞ്ചിൽ സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്ററിൽ നിങ്ങളുടെ പരാതി രേഖപ്പെടുത്തുക. ഇത്തരം രജിസ്റ്റർ ലഭ്യമല്ലെങ്കിൽ ഓൺലൈനായും പരാതി സമർപ്പിക്കാവുന്നതാണ്.

- പരാതി പരിഹാരത്തിനായി ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥന്റെ പേര് ബാങ്കിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ലായെങ്കിൽ ബാങ്ക് മാനേജറിൽ നിന്നോ അല്ലെങ്കിൽ ബാങ്കുദ്യോഗസ്ഥന്മാരിൽ നിന്നോ അത് ചോദിച്ചറിയുക. എല്ലാ ബാങ്കിനും പരാതി പരിഹാരത്തിനായി ഒരു നോഡൽ ഓഫീസർ ഉണ്ടായിരിയ്ക്കും.







- നിങ്ങളുടെ പരാതി സമയബന്ധിതമായി പരിഹരിയ്ക്കപ്പെടേണ്ടതാണ്. അല്ലാത്ത പക്ഷം ബാങ്ക് അതിന്മേൽ വിശദീകരണം നൽകേണ്ടതാണ്

- ബാങ്കിൽ പരാതി നൽകി ഒരു മാസമായിട്ടും നിങ്ങളുടെ പരാതി പരിഹിരിയ്ക്കുന്നില്ലായെങ്കിൽ, നിങ്ങൾക്ക് റിസർവ് ബാങ്കിന്റെ ബാംങ്കിംഗ് ഓംബുഡ്സ്മാനെ സമീപിയ്ക്കാവുന്നതാണ്. റിസർവ് ബാങ്കിന്റെ ഓംബുഡ്സ്മാൻ പദ്ധതി പണം വസൂലാക്കാതെ തന്നെ നിങ്ങളുടെ പരാതി വേഗത്തിൽ പരിഹരിയ്ക്കുന്നതാണ്.




- റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിയമിക്കുന്ന പ്രത്യേക ഓഫീസർമാരാണ് ഓംബുഡ്സ്മാൻമാർ. ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലായി 15 ഓംബുഡ്സ്മാൻമാരെയാണ് ഇപ്രപകാരം റിസർവ് ബാങ്ക് നിയമിച്ചിരിക്കുന്നത്. ബാംങ്കിംഗ് സേവനങ്ങളിലെ പല കുറവുകളും നികത്താൻ ഓംബുഡ്സ്മാൻമാർക്കു കഴിയുന്നുണ്ട്.

- നിങ്ങളുടെ പരാതികൾ വെള്ള പേപ്പറിൽ തയാറാക്കിയോ, ഓൺലൈൻ പരാതിയായോ അല്ലെങ്കിൽ ഇ-മെയിലായോ സമർപ്പിക്കാവുന്നതാണ്. നിങ്ങളുടെ പരാതികൾ ഇലക്ട്രോണിക് മാധ്യമം വഴി അയയ്ക്കുകയാണെങ്കിൽ https://bankingombudsman.rbi.org.in എന്നതാണ് വിലാസം.






## സന്ദേശം 8

## ഒന്നും സൗജന്യമല്ല ; വഞ്ചിതരാകാതിരിക്കുക

- റിസർവ് ബാങ്കിന്റെയോ റിസർവ് ബാങ്ക് ഗവർണ്ണറുടെയോ അല്ലെങ്കിൽ ഏതെങ്കിലും ബാങ്കിന്റെയോ പേരിൽ 'നിങ്ങളുടെ പേരിൽ പണം നിക്ഷേപിച്ചിരിയ്ക്കുന്നു' എന്ന് കാണിച്ചു കൊണ്ട് എസ്.എം.എസ് സന്ദേശമോ, ഫോൺ സന്ദേശമോ, ഇ-മെയിൽ സന്ദേശമോ ലഭിച്ചാൽ അതിൽ വഞ്ചിതരാകരുത്.

- റിസർവ് ബാങ്കിന്റെയോ അതല്ലെങ്കിൽ മറ്റേതെങ്കിലും ബാങ്കിന്റെയോ സർക്കാർ സ്ഥാപനത്തിന്റെയോ പേരിൽ കുറഞ്ഞ പലിശ നിരക്കിൽ പണം ലഭിയ്ക്കും എന്നും മറ്റുമുള്ള ഇ-മെയിൽ, ഭാഗ്യക്കുറിയിൽ വിജയിച്ചതായുള്ള അറിയിപ്പുകൾ തുടങ്ങിയ വ്യാജ സന്ദേശങ്ങൾക്കു ഇരയാകാതിരിയ്ക്കുക.

- ഏതെങ്കിലും വ്യക്തിയോ സംഘടനയോ പണം തരാമെന്നും അതിനു മുന്നോടിയായി നിങ്ങൾ കുറെ പണം കമ്മീഷൻ ആയോ കൈമാറ്റ ഫീസ് ആയോ നൽകണമെന്നും കാണിച്ചുകൊണ്ട് ഏതെങ്കിലും സന്ദേശം വന്നാൽ ഒരു കാരണവശാലും പണം അയക്കാതിരിയ്ക്കുക. അല്ലെങ്കിൽ, നിസ്സംശയം, നിങ്ങൾ വഞ്ചിതരാകും.




- റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആരുടെയെങ്കിലും പേരിൽ ബാങ്ക് അക്കൗണ്ട് തുറക്കുകയോ, സ്ഥിര നിക്ഷേപം സ്വീകരിയ്ക്കയോ, ക്രെഡിറ്റ് ഡെബിറ്റ് കാർഡുകൾ നൽകുകയോ, വ്യക്തികളുമായി ഏതെങ്കിലും തരത്തിലുള്ള ഇടപാടുകളിൽ ഏർപ്പെടുകയോ ചെയ്യുന്നില്ല.

- റിസർവ് ബാങ്കോ വാണിജ്യ ബാങ്കുകളോ ഒരിയ്ക്കലും നിങ്ങളുടെ അക്കൗണ്ട് നമ്പർ , ക്രെഡിറ്റ് /ഡെബിറ്റ് കാർഡ് എന്നിവയുടെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ ഇ-മെയിലിലൂടെയോ, എസ്.എം.എസ്/ഫോൺ വിളികൾ എന്നിവയിലൂടെയോ ശേഖരിയ്ക്കാറില്ല. ഇത്തരം വിവരങ്ങൾ ഒരു കാരണവശാലും ആർക്കും നൽകരുത്.

- നിങ്ങളുടെ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ, ഇന്റർനെറ്റ് ബാങ്കിങ്ങിന്റെ യൂസർ ഐ ഡി, പാസ്സ്‌വേർഡ് , ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് നമ്പർ, എ .ടി .എം പിൻ, CVV, OTP തുടങ്ങിയവ ആർക്കും തന്നെ ലഭ്യമാക്കരുത്.


- 'ഭാഗ്യക്കുറിയിൽ വിജയിയായി' / 'നിങ്ങളുടെ പേരിൽ പണം നിക്ഷേപിച്ചിരിയ്ക്കുന്നു' തുടങ്ങിയ തരത്തിൽ സംശയം ജനിപ്പിക്കുന്ന ഏതെങ്കിലും വ്യാജ അറിയിപ്പോ, വാഗ്ദാനമോ വരികയാണെങ്കിൽ ഉടൻ തന്നെ പോലീസിലോ പോലീസിന്റെ തന്നെ സൈബർ കുറ്റാന്വേഷണ വിഭാഗത്തിലോ പരാതിപ്പെടുക.



## സന്ദേശം 9

## പ്രയാസരഹിതമായി എടിഎം ഉപയോഗിയ്ക്കുന്നതിനറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ

- പണം പിൻവലിയ്ക്കുക / കൈമാറ്റം ചെയ്യുക, അക്കൗണ്ടിലെ നീക്കിയിരിപ്പു തുക അറിയുക, മൊബൈൽ ബാങ്കിങ്ങിനായി രജിസ്റ്റർ ചെയ്യുക, ബില്ലുകൾ അടയ്ക്കുക, ആധാർ നമ്പറിനെ നിങ്ങളുടെ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിയ്ക്കുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ നിങ്ങൾക്ക് എടിഎം വഴി ചെയ്യാൻ കഴിയും.





- നിങ്ങളുടെ PIN പൂർണമായും രഹസ്യമായി സൂക്ഷിയ്ക്കുക. ഇടപാട് കഴിഞ്ഞാൽ എടിഎം കാർഡ് എടിഎം യന്ത്രത്തിൽ നിന്ന് എടുക്കാൻ മറക്കരുത്. ഒരിക്കലും കാർഡ് എടിഎംൽ തന്നെ ഉപേക്ഷിച്ചു പോകരുത്.

- നിങ്ങൾ എടിഎം ൽ പ്രവേശിച്ചാൽ അതിനുള്ളിൽ ക്യാമറകളോ മറ്റേതെങ്കിലും ഉപകരണമോ ഇല്ലെന്നു ഉറപ്പു വരുത്തുക. നിങ്ങളുടെ ഒരു കൈകൊണ്ടു PIN ടൈപ്പ് ചെയ്യുകയും മറ്റേ കയ്യ് കൊണ്ട് ടൈപ്പ് ചെയ്യുന്നത് ആരും കാണാത്ത തരത്തിൽ മറച്ചുപിടിയ്ക്കുകയും ചെയ്യുന്നത് ഉചിതമായിരിയ്ക്കും. ടൈപ്പ് ചെയ്യുമ്പോൾ നിങ്ങളുടെ പിൻ ആരും മനസ്സിലാക്കുന്നില്ല എന്ന് ഉറപ്പു വരുതാൻ മറക്കരുത്.

- എടിഎം ൽ നിന്ന് ലഭിയ്ക്കുന്ന പണം എണ്ണി തിട്ടപ്പെടുത്തുക.

- എടിഎം വഴിയുള്ള ഇടപാടുകൾ അപ്പപ്പോൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നതിനായി എടിഎം നൽകിയ ബാങ്കിൽ നിങ്ങളുടെ ഫോൺനമ്പർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

- നിങ്ങളുടെ എടിഎം കാർഡ് നഷ്ടപ്പെടുകയോ, മോഷ്ടിയ്ക്കപ്പെടുകയോ ചെയ്യുകയാണെങ്കിൽ അക്കാര്യം ഉടൻ തന്നെ നിങ്ങളുടെ ബാങ്കിനെ അറിയിയ്ക്കുക. നിങ്ങളുടെ കാർഡ് മറ്റാരെങ്കിലും ദുരുപയോഗം ചെയ്യുന്നതായി ബോധ്യപ്പെട്ടാലും ബാങ്കുമായി ഉടൻ തന്നെ ബന്ധപ്പെട്ടു കാർഡിനെ പ്രവർത്തന രഹിതം ആക്കുവാൻ മടി കാണിക്കരുത്.




- നിങ്ങൾക്ക്എടിഎം സംബന്ധമായി എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ കാർഡ് നൽകിയ ബാങ്കിനെ എഴുതി അറിയിക്കുക. പരാതി കിട്ടി ഏഴു ദിവസത്തിനുള്ളിൽ പരിഹരിയ്ക്കുവാൻ ബാങ്ക് ബാധ്യസ്ഥമാണ്. അല്ലാത്ത പക്ഷം , വൈകുന്ന ഓരോ ദിവസത്തിനും നൂറു രൂപ നിരക്കിൽ നിങ്ങൾക്ക് നഷ്ടപരിഹാരം ആയി ബാങ്ക് നൽകേണ്ടതുണ്ട്. എന്നാൽ ഇതു ബാധകമാകുന്നതിനു, പരാതിയ്ക്ക് കാരണമാകുന്ന ഇടപാട് കഴിഞ്ഞു മുപ്പതു ദിവസത്തിനുള്ളിൽ നിങ്ങളുടെ പരാതി ലഭിച്ചിരിയ്ക്കേണ്ടതാണ്.

- നിങ്ങളുടെ എടിഎം കാർഡിന്റെ PIN ഇടയ്ക്കിടെ മാറേണ്ടതാണ്.

- കാർഡ് ഉപയോഗിയ്ക്കുന്നതിന് മുൻപായി എടിഎം വച്ചിരിയ്ക്കുന്ന മുറിയിലോ പരിസരത്തോ സംശയകരമായ എന്തെങ്കിലും സാധനമോ സംശയിക്കത്തക്ക നിലയിലുള്ള പ്രവർത്തനമോ ഇല്ലെന്നു ഉറപ്പു വരുത്തുക.



സന്ദേശം 10

## നിങ്ങളുടെ പണം പ്രയാസപ്പെട്ടുണ്ടാക്കിയതാണ്; അതിനാൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ മാത്രം നിക്ഷേപിയ്ക്കുക

- പ്രയാസപ്പെട്ടു നേടിയ നിങ്ങളുടെ പണം സുരക്ഷിതമായിരിയ്ക്കുവാൻ RBI, SEBI, IRDA, PFRDA എന്നിവയിലോ അല്ലെങ്കിൽ സംസ്ഥാന സർകാരിലോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ മാത്രം നിക്ഷേപിയ്ക്കുക. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ പേര് വിവരം www.sachet.rbi.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

- ചുരുങ്ങിയ സമയത്തിനുള്ളിൽ ഉയർന്ന വരുമാനം നൽകുന്നതെന്നും ഏറ്റവും കൂടുതൽ വരുമാനം ഉറപ്പു വരുത്തുന്നത് എന്നും വാഗ്ദാനം നൽകുന്ന പദ്ധതികളിൽ വശംവദരാകാതിരിയ്ക്കുവാൻ ശ്രദ്ധിയ്ക്കുക. ഇവ പലപ്പോഴും തട്ടിപ്പു പദ്ധതികൾ ആയിരിയ്ക്കും; നിങ്ങളുടെ പണം തട്ടിയെടുത്തശേഷം ഇത്തരത്തിലുള്ള പദ്ധതികളുടെ നടത്തിപ്പുകാർ അപ്രത്യക്ഷരാവുകയാണ് പതിവ്.

- വാണിജ്യ ബാങ്കുകൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ പലിശയിൽ വായ്പ വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾ നടപടി ചെലവെന്ന (പ്രോസസ്സിംഗ് ഫീ) പേരിൽ പണം വസൂലാക്കിയിട്ടു അപ്രത്യക്ഷമാവുകയാണ് സാധാരണയായി ചെയ്യാറുള്ളത്.

- നിങ്ങളുടെ നിക്ഷേപമോ അല്ലെങ്കിൽ ഏതെങ്കിലും പദ്ധതിയിൻ കീഴിൽ സ്വീകരിച്ച പണമോ ഏതെങ്കിലും സ്ഥാപനം യഥാ സമയം തിരികെ നൽകാതിരിക്കയോ ഇത്തരം സ്ഥാപനങ്ങളെ ക്കുറിച്ച് നിങ്ങൾക്ക് അറിവുണ്ടായിരിക്കയോ ചെയ്യുന്ന പക്ഷം അവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് www.sachet.rbi.org.in എന്ന വെബ്സൈറ്റുമായി ബന്ധപ്പെടാവുന്നതാണ്.






## സന്ദേശം 11

## തെറ്റായ കച്ചവടം: പണം നിക്ഷേപിക്കാനായി ബാങ്കിലേക്ക് പോയ ആൾ മനസ്സിലാക്കാൻ പ്രയാസമുള്ള ഇൻഷുറൻസ് പദ്ധതിയുമായി തിരികെ വരികയോ?

- സ്ഥിര നിക്ഷേപം നടത്തുന്നതിനായി ബാങ്കിൽ ചെന്നപ്പോൾ പ്രതിഫലമായി ഇൻഷുറൻസ് പോളിസി ലഭിച്ച അനുഭവം നിങ്ങൾക്ക് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ?


- നിങ്ങൾ ഒരു ഇൻഷുറൻസ് പോളിസി വാങ്ങുന്നത് പൂർണമായ താല്പര്യവും ആവശ്യവുമുണ്ടെങ്കിൽ മാത്രമായിരിക്കണം. ഇക്കാര്യത്തിൽ നിങ്ങളെ നിർബന്ധിയ്ക്കാൻ ബാങ്കുകൾക്ക് യാതൊരു അവകാശവുമില്ലാ എന്നത് ഓർമയിരിക്കട്ടെ.

- ഏതു പേപ്പറിലും ഒപ്പിടുന്നതിനു മുൻപ് അതിൽ തന്നിട്ടുള്ള വിവരങ്ങൾ പൂർണമായും വായിച്ചു നോക്കുക. വസ്തുതകൾ മനസ്സിലാകാതെ ഒരിക്കലും ഒന്നിലും ഒപ്പു ഇടുവാൻ പാടില്ല എന്ന കാര്യം എപ്പോഴും ഓർമയിലുണ്ടായിരിക്കണം.


- നിങ്ങൾക്ക് താല്പര്യമില്ലാത്ത ഏതെങ്കിലും ഒരു ധനകാര്യ ഉത്പന്നം നിങ്ങൾക്ക് വിൽക്കുവാൻ ബാങ്ക് ശ്രമിച്ചാൽ അതിനെ പൂർണമായും നിരസിയ്ക്കുക.

- നിങ്ങളെ തെറ്റിദ്ധരിപ്പിച്ചോ നിർബന്ധിച്ചോ ഒരു ധനകാര്യ ഉത്പന്നം വാങ്ങിപ്പിച്ചതായി ബോധ്യപ്പെട്ടാൽ, ഉടൻ തന്നെ പരാതി നൽകുക

.







भारतीय रिज़र्व बैंक
RESERVE BANK OF INDIA